## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4696** **29.06.2012- ൽ മറുപടിക്ക്**

### ഗ്രേഡ് അനുവദിച്ച് കിട്ടുന്നതിനുള്ള അപേക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | ശ്രീ. കെ. എൻ. രാജൻ (റിട്ടയേർഡ് കൃഷി ഓഫീസർ), ശ്രീവത്സം, വടക്കംപുറം, വളാഞ്ചേരി എന്ന ആളിൽ നിന്നും 23 വർഷത്തെ ഗ്രേഡ് അനുവദിച്ച കിട്ടുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അതിന്മേലുള്ള നടപടി ഏതുവരെയായി എന്നു വ്യക്തമാക്കാമോ? | (ബി) | റിട്ടയേർഡ് കൃഷി ഓഫീസർ ശ്രീ.കെ.എൻ.രാജൻ, കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിന്നും ബൈട്രാൻസ്ഫർ മുഖേന കൃഷി ഓഫീസറായ ഉദ്യോഗസ്ഥനാണ്. ടിയാൻ കൃഷി അസിസ്റ്റന്റ് തസ്തികയിലെയും കൃഷി ഓഫീസർ തസ്തികയിലേയും സേവനങ്ങൾ കൂട്ടിച്ചേർത്താണ് 23 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡിന് അപേക്ഷിച്ചിരുന്നത്. കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിന്നും ബൈട്രാൻസ്ഫർ അപ്പോയിൻമെന്റ് മുഖേന കൃഷി ഓഫീസറായവർക്ക് നിലവിലുള്ള വ്യവസ്ഥ പ്രകാരം കൃഷി ഓഫീസർ തസ്തിക എൻട്രി തസ്തികയായി പരിഗണിച്ച് കൃഷി ഓഫീസർ തസ്തികയിലെ സേവനം മാത്രം കണക്കാക്കിയേ ഗ്രേഡ് അനുവദിക്കാൻ നിർവ്വാഹമുള്ളൂ. ആയതിനാൽ കൃഷി ഓഫീസർ തസ്തികയിലെ സേവനം കണക്കാക്കി ഗ്രേഡ് അനുവദിക്കുന്നതിനുള്ള പുതിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ റിട്ടയേർഡ് കൃഷി ഓഫീസർ ശ്രീ.കെ.എൻ.രാജന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ